# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4347** **18-03-2025 - ൽ മറുപടിയ്ക്ക്**

## കയർ ഭൂവസ്ത്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ ഭൂവസ്ത്രം പദ്ധതി നടപ്പാക്കിയതുമൂലം സംസ്ഥാന കയർ വ്യവസായ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വ്യക്തമാക്കാമോ; | (എ) | **(എ)** കയർ ഭൂവസ്ത്രം പദ്ധതി നടപ്പാക്കിയതുമൂലം കയർ പിരി മേഖലയിലെ തൊഴിലാളികൾക്കും നെയ്ത്ത് തൊഴിലാളികൾക്കും അധിക തൊഴിൽ ലഭ്യമായിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങൾക്കുള്ള വിപണി വികസിപ്പിക്കുക വഴി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം പ്രകൃതിദത്തമായ ചകിരിനാരിൽ നിന്നും ഉൽപ്പാദിപ്പിച്ചെടുക്കുന്ന കയർ ഭൂവസ്ത്രം മണ്ണ്, ജല സംരക്ഷണത്തിൽ വഹിക്കുന്ന പ്രാധാന്യം സംബന്ധിച്ച അവബോധം കയർ വ്യവസായ മേഖലക്ക് ഉണർവ് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര രൂപയുടെ കയർ ഭൂവസ്ത്രങ്ങളുടെ വിൽപ്പനയാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | **(ബി)** പ്രസ്തുത പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഫെബ്രുവരി വരെ ഓരോ ജില്ലയിലും നടന്ന കയർ ഭൂവസ്ത്രത്തിന്റെ വിൽപ്പന സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>• തിരുവനന്തപുരം - 0.88 കോടി രൂപ<br>• കൊല്ലം - 1.42 കോടി രൂപ<br>• പത്തനംതിട്ട – 4.32 കോടി രൂപ<br>• ആലപ്പുഴ – 13.61 കോടി രൂപ<br>• കോട്ടയം - 0.89 കോടി രൂപ<br>• ഇടുക്കി - 0.13 കോടി രൂപ<br>• എറണാകുളം - 1.65 കോടി രൂപ<br>• തൃശ്ശൂർ – 4.12 കോടി രൂപ<br>• പാലക്കാട് - 1.62 കോടി രൂപ<br>• മലപ്പുറം - 1.86 കോടി രൂപ<br>• കോഴിക്കോട് - 0.65 കോടി രൂപ<br>• വയനാട് - 1.56 കോടി രൂപ<br>• കണ്ണൂർ – 0.75 കോടി രൂപ<br>• കാസർകോട് - 0.48 കോടി രൂപ<br><br>**ആകെ - 33.94 കോടി രൂപ** |

സെക്ഷൻ ഓഫീസർ